# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2599 — 10.12.2014 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു. കുരുവിള | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പി.എച്ച്.സി. മുതൽ സർക്കാർ മെഡിക്കൽ കോളേജുകൾ വരെ ആധുനിക സൗകര്യങ്ങളോടെയും വൃത്തിയായും സൂക്ഷിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആശുപത്രികളുടെ വികസനവും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും സംബന്ധിച്ച വിഷയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് മുൻകൈ എടുക്കേണ്ടത്. വികസന പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആരോഗ്യവകുപ്പും ആരോഗ്യ കേരളവും ആയത് പരിശോധിച്ച് അംഗീകാരവും വിവിധ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഫണ്ടും നല്കിവരുന്നു. ഓരോ ആശുപത്രികൾക്കുമുള്ള പദ്ധതികൾ അതാത് ആശുപത്രി വികസന സമിതിയും തദ്ദേശസ്വയംഭരണ സ്ഥാപനവും യോജിച്ചാണ് തീരുമാനിക്കേണ്ടത്. സംസ്ഥാനത്തെ പി.എച്ച്.സി മുതൽ സർക്കാർ മെഡിക്കൽ കോളേജുകൾ വരെ ആധുനിക സൗകര്യങ്ങളോടെയും വൃത്തിയായും സൂക്ഷിക്കുന്നതിനുവേണ്ടി പ്രത്യേക മായിട്ടുള്ള പദ്ധതികളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) പി.എച്ച്.സി., സി.എച്ച്.സി. തലങ്ങളിൽ ഓരോ വാർഡ് തലത്തിലും ആറ് മാസത്തിൽ ഒരിക്കൽ ആരോഗ്യ സെമിനാറുകൾ നടത്തുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമ മാക്കുന്നതിനും നടപടികൾ സ്വീകരി ക്കുമോ ; | (ബി) നിലവിൽ എല്ലാ പി.എച്ച്.സി.തലത്തിലും, ബ്ലോക്ക് തലത്തിലും മാസത്തിലൊരിക്കൽ നടത്തുന്ന അവലോകന മീറ്റിങ്ങിൽ ആരോഗ്യ പ്രവർത്തനം സംബന്ധിച്ച പരിശീലന ക്ലാസുകൾ നടത്തിവരുന്നുണ്ട്. ഇതിലൂടെ ഡോക്ടർമാർക്കും, നഴ്സുമാർക്കും, ഫീൽഡുതല ജീവനക്കാർക്കും ആരോഗ്യ രംഗത്തെ സമകാലിക വിഷയങ്ങൾ സംബന്ധിച്ചും, ആധുനിക രീതികൾ സംബന്ധിച്ചുമുള്ള പരിശീലനം നല്കിവരുന്നുണ്ട്. ഇത്തരം പരിശീലനങ്ങളുടെ ഗുണഫലങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യക്ഷമത |

ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറും സംസ്ഥാനാടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ ഡയറക്ടറും പരിശോധിച്ച് വരുന്നുണ്ട്.

| | |
|---|---|
| (സി) ആശുപത്രികളിലെ ക്ലീനിംഗ് സ്റ്റാഫ് മുതൽ ഡോക്ടർ വരെയുള്ള തസ്തിക- കളിലെ ഒഴിവുകൾ ഉടൻ നികത്തുന്ന – തിന് നടപടികൾ സ്വീകരിക്കുമോ ? | (സി) പി.എസ്.സി.മുഖേന നിയമനം നടത്തി നികത്തേണ്ട ഒഴിവുകൾ പി.എസ്.സി യെ അറിയിച്ച് നിയമനം നടത്തുന്നതിനും പ്രൊമോഷൻ മുഖേന നികത്തേണ്ട ഒഴിവുകളിൽ ഡി.പി.സി യുടെ അംഗീകാരം വേണ്ടവയിൽ ഡി.പി.സി ശുപാർശയ്ക്ക് വിധേയമായും അല്ലാത്തവ വകുപ്പുതല നടപടികൾ പൂർത്തീകരിച്ചും പ്രൊമോഷൻ നല്കി നികത്തുന്നതിനും സ്പെഷ്യാലിറ്റി വിഭാഗത്തിലെ ജൂനിയർ കൺസൾട്ടന്റ് ഒഴിവുകൾ, സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻമാരിൽ പി.ജി.ബിരുദമുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നല്കി നികത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത്യാവശ്യ ഘട്ടങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലിക നിയമനവും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ